


# ആരോഗ്യരംഗം: മുൻഗണനാക്രമം മാറണം

സാമൂഹിക ശുചിത്വത്തിന്റെ അഭാവമാണ് കേരളത്തിൽ പകർച്ചപ്പനി ഇത്രയും രൂക്ഷമാവാൻ വഴിവെച്ചത്. ഈ പ്രാവശ്യം പനി ആദ്യമായും വ്യാപകമായും പടർന്നുപിടിച്ചത് റബർ കൃഷി കൂടുതലുള്ള മേഖലകളിലാണെന്നും റബർ തോട്ടങ്ങളിൽ കൊതുകുകൾ പെരുകുന്ന സാഹചര്യം തടയാൻ തോട്ടമുടമകൾ ഒന്നും ചെയ്യാത്തതാണ് ഇതിനു കാരണമെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

ആരോഗ്യരംഗത്ത് പ്രശംസാവഹമായ നേട്ടങ്ങൾ കൈവരിച്ച കേരളത്തിൽ ഇടക്കിടെ പകർച്ചപ്പനികൾ പൊട്ടിപ്പുറപ്പെടുന്നതും ജീവിതശൈലീരോഗങ്ങൾ വ്യാപകമാവുന്നതും, ആരോഗ്യരംഗത്ത് പുതിയ മുൻഗണനാക്രമം നിശ്ചയിക്കാൻ സമയമായി എന്നതിന്റെ സൂചനയാണ്. മുതലാളിത്ത ജീവിതരീതിയും തെറ്റായ വികസന പ്രക്രിയയും ആരോഗ്യ പ്രതിസന്ധിയുടെ പ്രധാന കാരണങ്ങളാണ്. തടിയനങ്ങാത്ത ജോലി, വ്യായാമത്തിന്റെ അഭാവം, അമിത ഭക്ഷണം എന്നിവ മൂലം പൊണ്ണത്തടി, പ്രമേഹം, അമിത രക്തസമ്മർദം, ഹൃദ്രോഗം എന്നിവയുണ്ടാകുന്നു. കീടനാശിനികളുടെ ഉപയോഗം അർബുദത്തിന് കാരണമാവുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. വൈദ്യരംഗത്തെ കച്ചവടവത്കരണവും പ്രതിസന്ധിയുടെ കാരണങ്ങളിലൊന്നാണ്. ആന്റിബയോട്ടിക്കുകളുടെ അമിതവും അനാവശ്യവുമായ ഉപയോഗം മൂലം പ്രതിരോധശേഷി ആർജിച്ച രോഗാണുക്കൾ രംഗപ്രവേശം ചെയ്യുന്നു. നവജാത ശിശുക്കളിൽ അമിതമായും അനാവശ്യമായും ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നത് പിൽക്കാലത്ത് ആസ്ത്മ ഉണ്ടാവുന്നതിന് കാരണമാവുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

ഇത്തരം വിഷയങ്ങളിൽ അവ്യക്തമായ ധാരണയോടും തെറ്റായ സാമാന്യവത്കരണങ്ങളോടും കൂടി പ്രതികരിക്കുന്നത് ഗുണത്തേക്കാൾ ദോഷമുണ്ടാക്കുകയും കൃത്യമായ ആസൂത്രണത്തിന് തടസ്സം സൃഷ്ടിക്കുകയുമാണ് ചെയ്യുക. 'ആരോഗ്യ കേരളം-ചില നിർദേശങ്ങൾ' എന്ന തലക്കെട്ടിൽ *പ്രബോധന*ത്തിൽ വന്ന കെ.ടി അബ്ദുർറസ്സാഖിന്റെ പ്രതികരണത്തിലെ (കത്തുകൾ, ലക്കം 6) ചില പരാമർശങ്ങളെങ്കിലും ഇത്തരത്തിലുള്ളതായിരുന്നുവെന്ന് ചൂണ്ടിക്കാട്ടാതെ വയ്യ. കേരളത്തിലങ്ങോളമിങ്ങോളം പകർച്ചപ്പനി പിടിപെട്ട് ആളുകൾ മരിക്കുന്നത് മരുന്നു കഴിച്ചതുകൊണ്ടാണെന്നും കഴിഞ്ഞ തവണ പാരസിറ്റമോളും ആന്റിബയോട്ടിക്കുകളും കഴിച്ചവർക്കാണ് ഈ പ്രാവശ്യം ചികുൻ ഗുനിയ വന്നതെന്നും എഴുതുന്നത് കേരളീയർ മുഴുവൻ വിഡ്ഢികളാണെന്ന് പറയുന്നതിന് തുല്യമല്ലേ? ആഗോളതലത്തിൽതന്നെ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നതും ഏറ്റവും വില കുറഞ്ഞതും വളരെ അപൂർവമായി മാത്രം പാർശ്വഫലങ്ങളുണ്ടാക്കുന്നതുമായ പനിമരുന്നാണ് പാരസിറ്റമോൾ. കടുത്ത പനിയുള്ളവർക്ക് നനച്ചു തുടച്ചും പാരസിറ്റമോൾ പോലുള്ള മരുന്നുകൾ കൊടുത്തും പനിയുടെ തീവ്രത കുറച്ചില്ലെങ്കിൽ, ശരീരത്തിലെ ഉപാപചയ പ്രവർത്തനങ്ങളുടെ താളം തെറ്റുകയും ഹൃദയസ്തംഭനം വരെ ഉണ്ടാവുകയും ചെയ്യാം; കുട്ടികളിൽ അപസ്മാരവുമുണ്ടാക്കിയേക്കും. ആന്റിബയോട്ടിക്കുകളുടെ കാര്യവും ഇതുതന്നെയാണ്. അനാവശ്യമായും അമിതമായും ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നതുകൊണ്ടുണ്ടാവുന്നതിന് തുല്യമോ, അതിലും കൂടുതലോ അപകടങ്ങൾ ആവശ്യമായ സന്ദർഭങ്ങളിൽ അവ ഉപയോഗിക്കാതിരുന്നാലും ഉണ്ടാവും. പ്ലേഗ്, കോളറ, വസൂരി തുടങ്ങിയ മാരക പകർച്ചവ്യാധികൾ ബാധിച്ച് ലക്ഷങ്ങൾ മരണമടഞ്ഞിരുന്നതും മലമ്പനി, ടൈഫോയ്ഡ്, ക്ഷയം തുടങ്ങിയവ മൂലമുള്ള മരണം വ്യാപകമായിരുന്നതും ആന്റിബയോട്ടിക്കുകളും വാക്സിനുകളും കണ്ടുപിടിക്കുന്നതിന് മുമ്പായിരുന്നുവല്ലോ.

വാക്സിനുകൾ മുഖേന തടയാവുന്ന രോഗങ്ങൾ വളരെ കുറയുകയും വ്യക്തി ശുചിത്വം, ആന്റിബയോട്ടിക്കുകളുടെ ഉപ

# ആൽബങ്ങളിലെ 'മർക്കട സംസ്കാരം'

മുസ്‌ലിം സമുദായത്തിൽ സിനിമയേക്കാളും സീരിയലിനേക്കാളും പടർന്നുപിടിക്കുന്ന മാരകവിപത്താണ് 'ആൽബങ്ങ'ളും 'മിനിസിനിമ'കളും. സമുദായം ആൽബക്കാരുടെ ചാകരപ്പറമ്പായിരിക്കുന്നു. എല്ലാ ആൽബങ്ങളുടെയും ഇതിവൃത്തം പ്രേമമാണ്. മനുഷ്യജന്മത്തിന്റെ മൗലിക ലക്ഷ്യംതന്നെ പ്രേമമാണെന്ന രീതിയിലാണ് പ്രമേയം കൈകാര്യം ചെയ്യപ്പെടുന്നത്. ആൽബങ്ങളുയർത്തുന്ന സാംസ്കാരിക പ്രശ്നങ്ങൾ ചില്ലറയല്ല. ദാമ്പത്യബന്ധങ്ങളിൽ വിള്ളൽ, ആദർശപ്പൊരുത്തം പോലുമില്ലാത്ത പ്രണയബന്ധങ്ങൾ, അഗമ്യഗമനങ്ങൾ, ആഭരണഭ്രമം, വസ്ത്രധൂർത്ത്....

ആൽബങ്ങളിലെ 'മാപ്പിളപ്പാട്ടു'കളുടെ കഥ പറയാതിരിക്കലാണ് ഭേദം. ആദർശബോധം മുതൽ ഭാഷാശുദ്ധിവരെ തിരിയിട്ടു തെരഞ്ഞാലും അവയിൽ കാണില്ല. അടുത്ത് കേട്ട ഒരു ഗാനത്തിൽ നായകൻ നായികയെ വിളിക്കുന്നത് 'ദേവദേ', 'ദേവീ' എന്നൊക്കെയാണ്. സാംസ്കാരിക ബോധത്തിനേറ്റ പുഴുക്കുത്തിന്റെ ആഴം മനസ്സിലാകാൻ ഈ വരികൾ ശ്രദ്ധിക്കുക: 'കൂട്ടിന്നൊരുകിളി ഉണ്ടേലും ഉള്ളം നിറയെ നീയാണ്'. മൂന്നാം കിട സിനിമാഗാനരചയിതാക്കൾ പോലും കുടുംബത്തകർച്ചക്ക് ഇത്രയും പച്ചയായി ആഹ്വാനം ചെയ്തിട്ടുണ്ടാവില്ല. ഭാഷ ഇക്കൂട്ടർക്ക് ഒരു പ്രശ്നമേയല്ല. വാകൃഘടനയും വ്യാകരണശുദ്ധിയും ദീക്ഷിക്കാറേയില്ല. 'ചെമ്പകമണമുള്ള പൂവഴക്', 'ഇഹലോക ദുനിയാവ്', 'നിറകണ്ണീർമിഴി'... ഉദാഹരണങ്ങൾ എത്രയുമുണ്ട്. ഒരുകാര്യം പറയട്ടെ: ആൽബങ്ങൾ നമുക്കിടയിൽ ഒരു സംസ്കാരം പരത്തുന്നുണ്ട്. അത് ഇസ്ലാമിക സംസ്കാരമല്ല. പ്രവാചകൻ(സ) നമുക്ക് മുന്നറിയിപ്പു നൽകിയ 'കുരങ്ങൻ സംസ്കാര'മാണത്. നബി(സ) അരുൾ ചെയ്യുന്നു: "എന്റെ സമുദായത്തിലെ ഒരു വിഭാഗം മദ്യത്തിന് അതല്ലാത്ത പേര് വിളിച്ച് അത് കുടിക്കുന്നതായിരിക്കും. അവരുടെ തലകൾക്കു മുകളിൽ നടികൾ നൃത്തം വെക്കുകയും സംഗീതോപകരണങ്ങൾ മീട്ടപ്പെടുകയും ചെയ്യും. അല്ലാഹു അവരെ ഭൂമിയിൽ ആഴ്ത്തുന്നതാണ്. അവരെ മർക്കടന്മാരും പന്നികളും ആക്കുന്നതുമാണ്" (ഇബ്നുമാജ). ഡോ. യൂസുഫുൽ ഖറദാവി ഈ നബിവചനത്തെ വ്യാഖ്യാനിക്കുന്നു: "ഇത്തരക്കാരെ ആകാരത്തിലും ആകൃതിയിലും മാറ്റുമെന്നല്ല. ആത്മാവിന്റെയും മനസ്സിന്റെയും മാറ്റമാണ് ഇവിടെ ഉദ്ദേശ്യം. മനുഷ്യന്റെ തന്നെ രൂപത്തിൽ അവർ കുരങ്ങന്റെ മനസ്സും പന്നിയുടെ ജീവനും പേറുന്നതാണ്" (*വിധിവിലക്കുകൾ*, പേജ് 328).

**ഹസനുൽ ബന്നാ**
**കുഞ്ഞിമംഗലം**

യോഗം എന്നിവ കാരണം ബാക്ടീരിയകൾ മൂലമുണ്ടാവുന്ന രോഗങ്ങളുടെ തീവ്രത കുറയുകയും ചെയ്ത കേരളത്തിൽ, ആരോഗ്യരംഗത്തെ മുൻഗണനാക്രമം അടിയന്തരമായി മാറേണ്ടതുണ്ട്. പകർച്ചവ്യാധികളിൽ സാമൂഹിക ശുചിത്വത്തിന്റെ അഭാവം മൂലമുണ്ടാവുന്ന കൊതുകുജന്യ രോഗങ്ങളായ ഡെങ്കിപ്പനി, ജപ്പാനീസ് ജ്വരം, ചികുൻ ഗുനിയ എന്നിവയും സ്ഥായീരോഗങ്ങളിൽ, മുതലാളിത്ത ജീവിതരീതി മൂലമുണ്ടാവുന്ന അമിത രക്തസമ്മർദം, പ്രമേഹം, ഹൃദ്രോഗം മുതലായവയുമാണ് ഇന്ന് ആരോഗ്യ കേരളം നേരിടുന്ന ഭീഷണികൾ. ബഹുജന പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളും ബോധവത്കരണവുമാണ് ഇവയെ നേരിടാൻ വേണ്ടത്. അതോടൊപ്പം, പാവപ്പെട്ടവർ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിൽ പരമാവധി സൗകര്യങ്ങൾ ലഭ്യമാക്കുകയും സ്വകാര്യ ആശുപത്രികളെ സ്റ്റേറ്റിന്റെ ശക്തമായ മോണിറ്ററിംഗിന് വിധേയമാക്കുകയും വേണം.

**ഹനീഫ്, വളാഞ്ചേരി**

കേരളത്തിൽ പകർച്ചവ്യാധികൾ വലിയ ഭീഷണിയായിത്തീർന്നതിന്റെ കാരണം വ്യക്തമാണ്: വ്യക്തിശുചിത്വത്തിൽ കാണിക്കുന്ന ശ്രദ്ധ കേരളീയർ പരിസര ശുചിത്വത്തിൽ കാണിക്കുന്നില്ല. ഓരോരുത്തരും അവനവനിലേക്ക് ഉൾവലിഞ്ഞിരിക്കുന്നു. വഴിയിൽ വല്ല പൂച്ചയോ പട്ടിയോ ചത്തു കിടക്കുന്നതു കണ്ടാൽ മൂക്കു പൊത്തി മാറിനടക്കുമെന്നല്ലാതെ അതിനെ സംസ്കരിക്കാൻ ആർക്കും മനസ്സില്ല. പലരും സ്വന്തം വീടുകളിൽ ചത്തവയെ വഴിയിൽ തള്ളുകവരെ ചെയ്യുന്നു. ലാഭവും സൗകര്യവും ഡിസ്പോസബ്ളാണെന്ന് പറഞ്ഞ് ആഘോഷവേളകളിൽ ഭക്ഷണം വിളമ്പാൻ എല്ലാവരും അതുപയോഗിക്കുന്നു. ഇതെല്ലാം സൃഷ്ടിക്കുന്ന പരിസ്ഥിതി മലിനീകരണവും ആരോഗ്യ പ്രശ്നങ്ങളും വിഷയമല്ലാതാവുന്നു. കേരളീയന്റെ ഈ സ്വാർഥ മനോഭാവമാണ് ആദ്യം ചികിത്സിക്കപ്പെടേണ്ടത്.

**സജീവൻ, മേലാറ്റൂർ**

## ▪ ചുരുക്കെഴുത്ത്

'ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ ശൈഖ് അലി ത്വൻതാവിയുടെ ദൃഷ്ടിയിൽ' എന്ന ലേഖനം (ലക്കം 5) 'തൗഹീദ് വിജ്ഞാനവും ഒരു മൗദൂദികൃതിയും' എന്ന പേരിൽ 1996 ആഗസ്റ്റ് 31-ലെ വാരികയിൽ പ്രസിദ്ധീകരിച്ചതാണ്. അതിൽ വിവർത്തകന്റെ പേരുണ്ടായിരുന്നില്ല എന്നു മാത്രം. മാത്രമല്ല, ഡോ. അബ്ദുസ്സലാം വാണിയമ്പലം ക്രോഡീകരിച്ച 'വിമർശിക്കപ്പെടുന്ന മൗദൂദി' (ഐ.പി.എച്ച്) എന്ന കൃതിയിൽ ഇത് ഉൾപ്പെടുത്തിയിട്ടുമുണ്ട്.

**റമീസ്, ചേന്ദമംഗല്ലൂർ**

# സംഘടനകൾ ബാധ്യത നിറവേറ്റണം

തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ആൽക്കഹോളിക്ക് ആന്റ് ഡ്രഗ്സ് ഇൻഫർമേഷൻ സെന്റർ ഇൻ ഇന്ത്യ (AIDC) പുറത്തുവിട്ട പഠന റിപ്പോർട്ട് കേരളം പതിമൂന്നര വയസ്സ് മുതൽ കുടിച്ച് തുടങ്ങുന്നുവെന്ന് വ്യക്തമാക്കുന്നു. 10 വർഷം മുമ്പ് വരെ ഇത് 19 വയസ്സായിരുന്നുവത്രെ. 1990-ൽ നടത്തിയ പഠനത്തിൽ 20 വയസ്സിനു താഴെ മദ്യപിക്കുന്നവരുടെ തോത് വെറും രണ്ട് ശതമാനം. 2006 ആകുമ്പോഴേക്കും ഇത് 15 ശതമാനമായി ഉയർന്നു.

വർധിച്ചുവരുന്ന മദ്യപാനാസക്തി ഉണ്ടാക്കിയേക്കാവുന്ന സാമൂഹിക വിപത്തിനെക്കുറിച്ച് ഗൗരവ ചർച്ചയൊന്നും നടക്കുന്നില്ല. പൊതുസമൂഹത്തെ തൽക്കാലം മാറ്റി നിർത്താം. ഈ മേഖലയിൽ സമുദായത്തിന്റെ അവസ്ഥയെന്താണ്?

സമുദായത്തെ വിവിധ മേഖലകളിൽ ശാക്തീകരിക്കാൻ പെടാപ്പാട് പെടുന്ന സംഘടനകൾ പക്ഷേ, ധാർമികതയുടെ ഗ്രാഫ് കുത്തനെ താഴോട്ട് പോകുന്നത് കാണുന്നില്ല. പല സ്ഥലങ്ങളിലും മഹല്ല് നേതൃത്വം തന്നെ ധാർമികവിശുദ്ധിയില്ലാത്തവരാണ് കൈയടക്കിവെച്ചിരിക്കുന്നത്. ഇവരുടെ നിയന്ത്രണത്തിലുള്ള ഇമാമുമാരും പണ്ഡിതന്മാരും 'ആത്മീയത' വിറ്റും 'മസ്അലകൾ' പറഞ്ഞും ജീർണതകൾ ന്യായീകരിച്ചും കാലം കഴിക്കുന്നു. മദ്റസാ സമയമാറ്റത്തെ കുറിച്ച് അലോസരപ്പെടുന്നതിന്റെ നാലിലൊന്ന് സമയമെങ്കിലും സമുദായത്തിലെ ചെറുപ്പക്കാരുടെ വർധിച്ചുവരുന്ന മദ്യപാനാസക്തിയെയും ധാർമികാപചയത്തെയും ഓർത്ത് വ്യാകുലപ്പെടാനും അവരെ ബോധവത്കരിക്കാനും നീക്കിവെച്ചിരുന്നുവെങ്കിൽ!

മലബാറിലെ വിവാഹവേളകൾ പലതും ചെറുപ്പക്കാരുടെ സംഘടിത മദ്യസേവക്കും കൂട്ടത്തല്ലിനുമുള്ള അവസരമായിരിക്കുന്നു. ഇത് 'കുട്ടികളുടെ' പ്രായത്തിന്റെ തമാശകളായി ചിരിച്ചു തള്ളുന്നു മഹല്ല് നേതൃത്വവും കാരണവന്മാരും. മദ്യപിച്ച് ലക്കുകെട്ട് അശ്ലീല നൃത്തം ചെയ്ത് വിവാഹചടങ്ങുകൾ അലങ്കോലപ്പെടുത്തുകയും ഒടുവിൽ രംഗം ശാന്തമാക്കാൻ പോലീസിനെ വിളിച്ചുവരുത്തേണ്ടിവരികയും ചെയ്യുന്ന അനുഭവങ്ങൾ ഉത്തര മലബാറിൽ അടുത്ത കാലത്തുണ്ടായി.

കുറച്ചു കാലം മുമ്പ് വരെ രഹസ്യമായിട്ടായിരുന്നു മദ്യസേവ. എന്നാൽ ഇന്ന് വീട്ടിലെ ഫ്രിഡ്ജിൽ വിദേശ മദ്യകുപ്പികൾ സൂക്ഷിക്കുകയും ഭക്ഷണത്തോടൊപ്പം വിളമ്പുകയും ചെയ്യുന്നേടത്തേക്കു വരെ ചിലർ പുരോഗമിച്ചിട്ടുണ്ട്. വീട്ടിലെ സ്ത്രീകളും ഏറക്കുറെ ഇതിനോടൊക്കെ പൊരുത്തപ്പെട്ടുകഴിഞ്ഞു. ഉപഭോഗ സംസ്കാരവും ചാനലുകളുടെ സ്വാധീനവും അവരെ പാകപ്പെടുത്തിയെടുത്തുവെന്ന് പറയുന്നതാകും കൂടുതൽ ശരി.

പെരുമ കാണിക്കുന്നതിന് പള്ളികളും മദ്റസകളും അറബിക്കോളേജുകളും ഉണ്ടാക്കാൻ മത്സരിക്കുകയാണ് സമുദായ സംഘടനകൾ. ദിക്റ് ഹൽഖകളും വഅ്ളുകളും പ്രഭാഷണങ്ങളും എൽ.സി.ഡി പ്രദർശനങ്ങളും ഒക്കെ വ്യാപകമായി നടന്നുവരുന്നു. എന്നാൽ ഇതുകൊണ്ടൊന്നും സമുദായം സംസ്കരിക്കപ്പെടുന്നില്ല. (അല്ലെങ്കിൽ തന്നെ ഇവയുടെയൊന്നും ലക്ഷ്യം സമുദായസംസ്കരണമല്ലല്ലോ).

സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കപ്പെടുംവിധം കടുത്ത സാമൂഹികവിരുദ്ധരായി യുവതലമുറ പരിണമിച്ചുകൊണ്ടിരിക്കുന്ന ദുരവസ്ഥയെ കുറിച്ച് ചിന്തിക്കാനും പ്രതിവിധികളെക്കുറിച്ച് ആലോചന നടത്താനും ഇനിയും സമുദായ സംഘടനകൾ വൈകരുത്. സമുദായത്തിനകത്ത് വ്യാപകമായി ബോധവത്കരണം ആരംഭിക്കേണ്ടിയിരിക്കുന്നു. വന്യമായ സംഘടനാ പോർവിളികൾ തൽക്കാലത്തേക്കെങ്കിലും മാറ്റിവെക്കണം. കുട്ടികളിൽ രക്ഷിതാക്കൾക്കുള്ള നിയന്ത്രണം കുറഞ്ഞുവരുന്നതും ഇത്തരം ദുരന്തങ്ങൾക്കുള്ള കാരണമാണ്. കുട്ടികളുടെ കൂട്ടുകെട്ടുകളെയും ഇടപെടലുകളെയും നിരീക്ഷിക്കാൻ രക്ഷിതാക്കൾ ജാഗ്രത കാണിക്കണം.

**ജലീൽ പടന്ന**

# പൂരമായി മാറുന്ന വിവാഹങ്ങൾ

ഏതാനും നാൾ മുമ്പ് കോഴിക്കോട് നഗരത്തിൽ ഒരു വിവാഹത്തിൽ പങ്കെടുത്തു. ധൂർത്തിനെയും ആർഭാടത്തെയും കുറിച്ച് ശുദ്ധ മലയാളത്തിൽ ഗംഭീര ഖുത്വ്ബ. ആരും കേട്ടുനിന്നു പോകും. ഖത്വീബിന്റെ ഊരും പേരും വരെ ആളുകൾ തിരക്കി. പ്രവാചകന്റെയും മുൻഗാമികളുടെയും വീരത്യാഗ സ്മരണകൾ അയവിറക്കി. വധൂവരന്മാരുടെ കുടുംബ, തൗഹീദ് പാരമ്പര്യവും അനുസ്മരിച്ചു. ഈ മനോഹര ഖുത്വ്ബക്കുശേഷം, ഏത് ധൂർത്തിനെയും പിന്നിലാക്കുന്ന ഗംഭീരസദ്യ. പൂരത്തെ അനുസ്മരിപ്പിക്കുമാറ് ചെണ്ടമേളവും ബാന്റ് വാദ്യവും. തലേ ദിവസം അവിടെ നല്ലൊരു സംഗീതനിശയും ഉണ്ടായിരുന്നു! വരന്റെയും വധുവിന്റെയും വിവാഹ വസ്ത്രങ്ങൾ ബാംഗ്ലൂരിലും കോയമ്പത്തൂരിലുംനിന്ന് പ്രത്യേകം പർച്ചേഴ്സ് ചെയ്തത്. ഒന്നോ രണ്ടോ മണിക്കൂർ മാത്രം ധരിക്കുന്ന ആ വസ്ത്രങ്ങളുടെ വില കേട്ടാൽ ആരും അമ്പരന്നു പോകും. വരൻ പ്രത്യേക വാഹനത്തിൽ രാജകുമാരനെപ്പോലെ ഘോഷയാത്രയായി എഴുന്നള്ളുന്നു. എല്ലാം ക്യാമറകളിൽ പകർത്തപ്പെടുന്നു. ഖുത്വ്ബ മലയാളത്തിലാക്കാൻ വാശിപിടിക്കുന്ന ഉൽപതിഷ്ണുക്കളുടെ മക്കളുടെ വിവാഹങ്ങൾ വരെ ഇത്തരത്തിലാണെങ്കിൽ പ്രതീക്ഷയെവിടെ?

**അബൂ ഫാഇസ്, അബൂദബി**